# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1762 16.02.2016-ൽ മറുപടിയ്ക്ക്

### അന്വേഷണ കമ്മീഷനുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. ഹംസ | ഉമ്മൻ ചാണ്ടി<br>( മുഖ്യമന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര അന്വേഷണ കമ്മീഷനുകളെ നിയമിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കാമോ ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആഭ്യന്തര വകുപ്പിൽ നിന്നും സോളാർ തട്ടിപ്പും അനുബന്ധ സാമ്പത്തിക ക്രമക്കേടുകളെയും കുറിച്ച് അന്വേഷിക്കുന്നതിനായി ജസ്റ്റിസ് ജി. ശിവരാജൻ അന്വേഷണ കമ്മീഷനെയും, കോട്ടയം ജില്ലയിലെ മരങ്ങാട്ടുപള്ളിയിൽ സിബി എന്ന യുവാവ് പോലീസ് കസ്റ്റഡിയിൽ മരണപ്പെട്ടത് സംബന്ധിച്ച് അന്വേഷിക്കുന്നതിനായി ശ്രീ ഡി. ശ്രീവല്ലഭൻ (റിട്ട. ജില്ലാ ജഡ്ജി) അന്വേഷണ കമ്മീഷനെയും നിയമിച്ചിട്ടുണ്ട്. മറ്റു വകുപ്പുകളിൽ നിയമിച്ചിട്ടുള്ള അന്വേഷണ കമ്മീഷനുകളെ സംബന്ധിച്ചുള്ള വിവരം ശേഖരിച്ചു നൽകുന്നതാണ്. |
| (ബി) ഏതെല്ലാം അന്വേഷണ കമ്മീഷനുകൾ റിപ്പോർട്ടുകൾ സമർപ്പിച്ചു ; വിശദാംശം ലഭ്യമാക്കാമോ ; | (ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്. |
| (സി) റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ഓരോ അന്വേഷണ കമ്മീഷനും അനുവദിച്ച സമയപരിധി എത്ര എന്ന് വ്യക്തമാക്കാമോ ; | (സി) 28.10.2013-ൽ നിയമിച്ച ജസ്റ്റിസ് ജി. ശിവരാജൻ അന്വേഷണ കമ്മീഷന്റെ കാലാവധി 27.04.2016 വരെ ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്.<br><br>08.01.2016-ലെ വിജ്ഞാപന പ്രകാരം നിയമിച്ച ശ്രീ ഡി. ശ്രീവല്ലഭൻ കമ്മീഷന്റെ കാലാവധി ആറ് മാസമാണ്. മറ്റ് കമ്മീഷനുകൾക്ക് അനുവദിച്ച സമയപരിധി സംബന്ധിച്ച വിവരം ശേഖരിച്ചു നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ